9267
18/12/13

കേരള സർക്കാർ

## സംഗ്രഹം

വനം-വന്യജീവി വകുപ്പ്-വിവരാവകാശ നിയമം 2005 പ്രകാരം വിവരങ്ങൾ ലഭിക്കുന്നതിന് വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും സ്ഥാനനിർദ്ദേശം ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**വനം വന്യജീവി (പി.എസ്) വകുപ്പ്**

**സ.ഉ.(സാധാ.) നമ്പർ: 520/2013/വനം** തിരുവനന്തപുരം, തീയതി : 17.12.2013.

==========================================================================

പരാമർശം : 1. ഈ വകുപ്പിലെ 30.03.2013 തീയതിയിലെ 01/2013/F&WLD നമ്പർ ഓഫീസ് ഉത്തരവ്.

2. 15.10.2013 തീയതിയിലെ പൊതുഭരണ ഏകോപന വകുപ്പിന്റെ സ.ഉ(സാധാ) 8314/13/പൊ.ഭ.വ. നമ്പർ ഉത്തരവ്.

## ഉത്തരവ്

വനം വന്യജീവി വകുപ്പിൽ സെക്ഷൻ ഓഫീസർമാരെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും അണ്ടർ സെക്രട്ടറിമാരെ അപ്പീൽ അധികാരികളായും സ്ഥാനനിർദ്ദേശം ചെയ്ത് പരാമർശം (1) പ്രകാരം ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സെക്ഷൻ ഓഫീസർമാരെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും അണ്ടർ സെക്രട്ടറിമാരെ അപ്പീൽ അധികാരികളായും നിയമിച്ചിട്ടുള്ള വകുപ്പുകൾ അണ്ടർ സെക്രട്ടറിയും അതിന് മുകളിലുള്ള ഉദ്യോഗസ്ഥരെയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും ഡെപ്യൂട്ടി സെക്രട്ടറിയും അതിന് മുകളിലുള്ള ഉദ്യോഗസ്ഥരെയും അപ്പീൽ അധികാരികളായും സ്ഥാനനിർണ്ണയം ചെയ്ത് പുതുക്കിയ ഉത്തരവ് ഇറക്കേണ്ടതാണെന്ന് പരാമർശം (2) പ്രകാരം നിർദ്ദേശിച്ചിരുന്നു.

പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനായി പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമം 2005 സെക്ഷൻ 5(1), സെക്ഷൻ 7(8) പ്രകാരം താഴെപ്പറയുന്ന ഓഫീസർമാരെ വനംവന്യജീവി വകുപ്പിൽ

യഥാക്രമം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും അപ്പീൽ അധികാരികളായും സ്ഥാനനിർദ്ദേശം ചെയ്തുകൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ഓഫീസിന്റെ പേര്** | **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ** | **അപ്പീൽ അധികാരി** |
|---|---|---|
| വനംവകുപ്പ് മന്ത്രിയുടെ ഓഫീസ് | അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി | പ്രൈവറ്റ് സെക്രട്ടറി |
| വനം വന്യജീവി (എ) വകുപ്പ് | അണ്ടർ സെക്രട്ടറി I<br>വനം വന്യജീവി (എ) വകുപ്പ് | ജോയിന്റ് സെക്രട്ടറി<br>വനം വന്യജീവി (എ) വകുപ്പ് |
| വനം വന്യജീവി (ബി) വകുപ്പ് | ഡെപ്യൂട്ടി സെക്രട്ടറി II<br>വനം വന്യജീവി (ബി) വകുപ്പ് | അഡീഷണൽ ചീഫ് സെക്രട്ടറി<br>വനം വന്യജീവി (ബി) വകുപ്പ് |
| വനം വന്യജീവി (സി) വകുപ്പ് | അണ്ടർ സെക്രട്ടറി II<br>വനം വന്യജീവി (സി) വകുപ്പ് | ഡെപ്യൂട്ടി സെക്രട്ടറി I<br>വനം വന്യജീവി (സി) വകുപ്പ് |
| വനം വന്യജീവി (ഡി) വകുപ്പ് | അണ്ടർ സെക്രട്ടറി II<br>വനം വന്യജീവി (ഡി) വകുപ്പ് | ഡെപ്യൂട്ടി സെക്രട്ടറി II<br>വനം വന്യജീവി (ഡി) വകുപ്പ് |
| വനം വന്യജീവി (ഇ) വകുപ്പ് | ഡെപ്യൂട്ടി സെക്രട്ടറി I<br>വനം വന്യജീവി (ഇ) വകുപ്പ് | അഡീഷണൽ ചീഫ് സെക്രട്ടറി<br>വനം വന്യജീവി (ഇ) വകുപ്പ് |
| വനം വന്യജീവി (എഫ്) വകുപ്പ് | അണ്ടർ സെക്രട്ടറി I<br>വനം വന്യജീവി (എഫ്) വകുപ്പ് | ജോയിന്റ് സെക്രട്ടറി<br>വനം വന്യജീവി (എഫ്) വകുപ്പ് |
| വനം വന്യജീവി (പി.എസ്.) വകുപ്പ് | ജോയിന്റ് സെക്രട്ടറി<br>വനം വന്യജീവി (പി.എസ്.) വകുപ്പ് | അഡീഷണൽ ചീഫ് സെക്രട്ടറി<br>വനം വന്യജീവി (പി.എസ്.) വകുപ്പ് |

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**വി.ഭൂഷൺ**
ജോയിന്റ് സെക്രട്ടറി

വനംവന്യജീവി വകുപ്പിലെ എല്ലാ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്കും
വനംവന്യജീവി വകുപ്പിലെ എല്ലാ അപ്പീൽ അധികാരികൾക്കും
വനംവന്യജീവി വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
വനംവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
വനംവന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുഭരണ (ഏകോപന) വകുപ്പ്.
വെബ് & ന്യൂമീഡിയ *(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*
വിവര പൊതുജന സമ്പർക്ക വകുപ്പ്. *(പ്രചാരണത്തിന്)*